ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ - എം.ശിവദാസൻ.)

വിഷയം : ജലസേചനം-വിജിലൻസ്- ശ്രീ.ബിജു.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ (on temporary deployment), മംഗലപുരം ഗ്രാമപഞ്ചായത്ത്- ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:1 17/01/2022 തീയതിയിലെ തിരുവനന്തപുരം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രോജക്ടിന്റെ എ3-29595/2021 നമ്പർ അനൗദ്യോഗിക കുറിപ്പ്.

2 തിരുവനന്തപുരം, ജലസേചനവും ഭരണവും ചീഫ്എഞ്ചിനീയറുടെ കാര്യാലയത്തിലെ 26/03/2022 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3 11/03/2024 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

4 27/03/2024 തീയതിയിലെ ഈ കാര്യാലയത്തിന്റെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

AGE

**ഉത്തരവ് നം.CEIA/146/2022-VIG2 തീയതി - 15-10-2024**

മംഗലപുരം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ (on temporary deployment) ആയി ജോലി നോക്കിവരവെ ശ്രീ.ബിജു.ആർ, കെ.എസ്.ആർ. പാർട്ട്-1 അനുബന്ധം XIIA യിലെ വ്യവസ്ഥകൾക്കു വിധേയമായി വിദേശത്ത് ജോലി ചെയ്യുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നമ്പർ798/2003/ജവിവ തീയതി 28/06/2003 പ്രകാരം 01/12/2003 പൂർവ്വാഹ്നം മുതൽ 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്ന് ടിയാന്റെ അപേക്ഷയിൻമേൽ 06/10/2008 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1004/2008/ജവിവ, ഈ കാര്യാലയത്തിലെ 16/08/2013 തീയതിയിലെ എ3-27306/2013 എന്നീ ഉത്തരവുകൾ പ്രകാരം 5 വർഷത്തേക്കു വീതവും തുടർന്ന് ഈ കാര്യാലയത്തിലെ 05/12/2018 തീയതിയിലെ എ3-26178/18 നമ്പർ ഉത്തരവ് പ്രകാരം 3 വർഷത്തേക്കും ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകിയിരുന്നു. അനുവദിച്ച 18 വർഷത്തെ ശൂന്യവേതനാവധി 30/11/2021 അപരാഹ്നത്തിൽ അവസാനിച്ചിട്ടുള്ളതും 01/12/2021 പൂർവാഹ്നത്തിൽ ടിയാൻ ജോലിയിൽ പുനഃപ്രവേശിക്കേണ്ടതുമായിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ ടിയാൻ ജോലിയിൽ പുനഃപ്രവേശിക്കുകയുണ്ടായില്ല. 30/11/2021 തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ഈ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രോജക്ട് ശുപാർശ ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ, ടിയാനെതിരെ 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ നൽകിയിരുന്നു. ആയത് ടിയാൻ കൈപ്പറ്റുകയും ചെയ്തു. എന്നാൽ കൈപ്പറ്റുപ്രതിയോ ടിയാന്റെ പ്രതിവാദപത്രികയോ ലഭ്യമാക്കിയിരുന്നില്ല.

തുടർന്ന് തിരുവനന്തപുരം ജില്ലയിൽ പ്രചാരമുള്ള മാതൃഭൂമി പത്രത്തിൽ 2023 മാർച്ച് 26 ന്

വിൻഡോ പരസ്യം നൽകി, 15 ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിനുശേഷവും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാകാത്ത സാഹചര്യത്തിൽ, ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി, റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 20/02/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, ഇറിഗേഷൻ സൗത്ത് സർക്കിൾ, സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.ഷീജ.എൽ.ആർ-നെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ചിരുന്നു. പരാമർശം (3) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ, ശ്രീ.ബിജു.ആർ - ന്റെ ലഭ്യമായ മേൽവിലാസത്തിൽ (SGLRA -144, സെന്റ്ജോർജ്ജ് ലെയ്ൻ, കുമാരപുരം, മെഡിക്കൽ കോളേജ്.പി.ഒ) അന്വേഷണ ഉദ്യോഗസ്ഥ നേരിട്ട് സന്ദർശിക്കുകയും ടി സമയം വീടിന്റെ ഗേറ്റ് പുറത്ത് നിന്നും പൂട്ടിയിരിക്കുന്നതായി കാണുകയും തുടർന്ന് റസിഡൻസ് അസോസിയേഷൻ പ്രസിഡന്റിനോട് ശ്രീ.ബിജു.ആർ - നെ കുറിച്ച് അന്വേഷിച്ചതിൽ നിന്നും ശ്രീ.ബിജു.ആർ-ഉം കുടുംബവും വിദേശത്ത് സൗദി അറേബ്യയിൽ ആണെന്ന വിവരം അറിഞ്ഞതായും ടിയാനിൽ നിന്നും ശ്രീ.ബിജു.ആർ-ന്റെ whatsapp Contact No. 966544700712 ലഭ്യമാക്കുകയും, ടി നമ്പറിൽ അന്വേഷണ ഉദ്യോഗസ്ഥ ടിയാനുമായി സംസാരിച്ചതിൽ നിന്നും ടിയാന് ഉടനെ ജോലിയിൽ പ്രവേശിക്കാൻ താല്പര്യമില്ല എന്നാണ് അറിഞ്ഞതെന്നും അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച 18 വർഷത്തെ ശൂന്യവേതനാവധി 30/11/2021 തീയതിയിൽ അവസാനിച്ചെങ്കിലും യഥാസമയം സർവ്വീസിൽ പുന:പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ടിയാനെ 01/12/2021 മുതൽ സർവ്വീസിൽ നിന്നും നീക്കംചെയ്യുവാൻ താല്ക്കാലികമായി തീരുമാനിച്ച് കൊണ്ട് പരാമർശം (4) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാലായി ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചിരുന്നു. ആയതിന് നിശ്ചിത സമയപരിധിക്കുള്ളിൽ ടിയാൻ മറുപടി ലഭ്യമാക്കിയിരുന്നില്ല.

പ്രസ്തുത സാഹചര്യത്തിൽ, ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. ബിജു.ആർ - നെ 01/12/2021 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
ചീഫ് എഞ്ചിനീയർ
Sivadasan M
Date: 15-10-2024 08:09:02

സ്വീകർത്താവ്

ശ്രീ.ബിജു. ആർ
SGLRA,144
സെന്റ്ജോർജ്ജ് ലെയ്ൻ
കുമാരപുരം,മെഡിക്കൽ കോളേജ് പി.ഒ
തിരുവനന്തപുരം-695011

പകർപ്പ്:-
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം.
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രോജക്ട്, ചീഫ്എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം.
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ (ഇറിഗേഷൻ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. വിജിലൻസ് 8 സീറ്റ്